'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - സേവനത്തിൽ നിന്നും വിരമിച്ച പാലക്കാട് ജില്ലയിലെ കല്ലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി.എ. ഗോപികൃഷ്ണന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1994/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/09/2019

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 23.04.1990-ലെ ഡി4-13526/90 നമ്പർ നടപടിക്രമങ്ങൾ.

2 പഞ്ചായത്ത് ഡയറക്ടറുടെ 19.01.1991-ലെ ഡി4-13526/90 നമ്പർ നടപടിക്രമങ്ങൾ.

3 പഞ്ചായത്ത് ഡയറക്ടറുടെ 09.06.1993-ലെ 13526/90 നമ്പർ നടപടിക്രമങ്ങൾ.

4 പഞ്ചായത്ത് ഡയറക്ടറുടെ 27.02.2018-ലെ ഡി10-33989/2017 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 30.06.2007-ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. സി.എ. ഗോപികൃഷ്ണൻ പാലക്കാട് ജില്ലയിലെ കല്ലുക്കല്ലൂർ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ, ടിയാനെതിരായ അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (1) നടപടിക്രമങ്ങൾ പ്രകാരം ടിയാനെ 23.04.1990-ന് സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും, പരാമർ ശം (2) നടപടിക്രമങ്ങൾ പ്രകാരം ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തുവെന്നും തുടർന്ന് പരാമർശം (3) നടപടിക്രമങ്ങൾ പ്രകാരം ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് ഉത്തരവായിരുന്നുവെന്നും എന്നാൽ ടിയാന്റെ സർവീസ് പുസ്തകം പരിശോധിച്ചതിൽ ടിയാൻ സസ്പെൻഷനിലായിരുന്ന കാലയളവ് ക്രമീകരിച്ചതായി കാണുന്നില്ലെന്ന് ബോധ്യപ്പെട്ടതായും 30-06-2007 ന സർവീസിൽ നിന്നും വിരമിച്ച ശ്രീ. ഗോപീകൃഷ്ണൻ സി.എ. യുടെ സസ്പെൻഷനിലായിരുന്ന കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകണമെന്നും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി.എ. ഗോപികൃഷ്ണന്റെ സസ്പെൻഷൻ കാലയളവായ 23.04.1990 മുതൽ 18.01.1991 വരെ ടി കാലയളവിലെ ശമ്പളവും ബത്തകളും ടി കാലയളവിൽ ടിയാൻ കൈപ്പറ്റിയ

**File No.LSGD-EPB1/125/2018-LSGD**

ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായി കണക്കാക്കിയും, 19.01.1991 മുതൽ 17.03.1991 വരെയുള്ള കാലയളവ് KSR Part I Rule-56B(9)Note-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

1. ശ്രീ. സി.എ. ഗോപികൃഷ്ണൻ, മുൻ സെക്രട്ടറി, കല്ലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ് ( 13.03.2019 തീയതിയിലെ യു.ഒ. റിമാർക്സ് നം. ഡെവ.1/16/2019/ധന. പ്രകാരം)
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി1/125/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ